this clause is unnecessary, and also in view of the fact that such a provision is not contained in the corresponding Indian Act with which this Act is supposed to be in conformity, I move that this clause be omitted.

ശ്രീ. എ. കെ. പാച്ചുപിള്ള: ഫ്ര.–ാംവകുപ്പ് എടുത്തുകളയണമെന്ന ഒരു ഭേദഗതി ഞാനും ഹാജരാക്കിയിട്ടുണ്ട്. ഈ വകുപ്പനുസരിച്ച് പ്രവർത്തനംനടത്തുന്ന ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ പേരിൽ വ്യവഹാരം കൊടുക്കണമെങ്കിൽ മുൻകൂട്ടി ഗവൺമെണ്ടനു വാദം വാങ്ങിച്ചിരിക്കണമെന്നാണ്. ഏതൊരു ഉദ്യോഗസ്ഥന്മാരുടെപേരിലും വ്യവഹാരങ്ങൾ ഗവൺമെണ്ടനുവാദംകൂടാതെ കൊടുക്കാൻ പാടില്ല എന്നാണ് ആ വ്യവസ്ഥയിൽനിന്നും കാണുന്നതു്. അതു ശരിയായ ഒരു വകുപ്പല്ല. അതുകൊണ്ടു് അതു എടുത്തുകളയേണ്ടതാവശ്യമാണ് എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. അങ്ങനെ വരുന്ന സന്ദർഭത്തിൽ ഒരു സിവിൽ കോടതിയിൽ ഇൻജംക്ഷൻ കൊടുക്കുന്നതിനും ആ കോടതി മുഖാന്തിരം അയാളുടെ വസ്തുക്കൾ സംരക്ഷിക്കുന്നതിനുമുള്ള അവകാശം ഈ സംസ്ഥാനത്തെ ഏതൊരു പൌരനും ഉണ്ടായിരിക്കേണ്ടതാണ്. ഗവൺമെണ്ടിന്റെ പ്രവൃത്തിയുടെ ഫലമായി വസ്തുക്കൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ഗവൺമെണ്ടിനെ പ്രതിയാക്കി ഒരു വ്യവഹാരം കൊടുക്കുന്നതിനുതന്നെ ഒരു പൌരനു അവകാശമുണ്ടായിരിക്കേണ്ടതാണ്. ഏതൊരാളെ പ്രതിയാക്കിയാണോ വ്യവഹാരം കൊടുക്കേണ്ടതു്, ആ ആളുടെ–ഗവൺമെണ്ടിന്റെ–അനുവാദം അതിനാവശ്യമാണെന്നാണ് ഈ വകുപ്പ് അനുശാസിക്കുന്നതു്. ഇതു് നിയമതത്വമനുസരിച്ചുനോക്കിയാൽ അഭിലഷണീയമല്ലെന്നു കാണുവാൻ പ്രയാസമില്ല. ഗവൺമെണ്ടിന്റെയോ ഗവൺമെണ്ടുദ്യോഗസ്ഥന്മാരുടേയോ പ്രവൃത്തിയുടെ ഫലമായുണ്ടാകുന്ന നഷ്ടത്തിനു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി വ്യവഹാരം കൊടുക്കണമെങ്കിൽ അതിനു ഗവൺമെണ്ടിന്റെ അനുവാദം വേണമെന്നുള്ളതു് തീച്ചയായും ശരിയായ ഒരു നിയമതത്വമല്ല. ഇതിന്റെ സാരം ഒരു പ്രതിയുടെപേരിൽ വ്യവഹാരപ്പെടുന്നതിനു്–ആ പ്രതി ഗവൺമെണ്ടായിരുന്നുകൊള്ളട്ടെ–പ്രതിയുടെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നില്ല എന്നാണ്.. അതുകൊണ്ടു് ഈ ഫ്ര.–ാം വകുപ്പ് എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. ജെ ജാൺ: സർ, ഞാൻ ഇതിനെ എതിർക്കുന്നു. ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു്, ഗവൺമെണ്ടിന്റെ അനുവാദത്തോടുകൂടി സൂട്ട് കൊടുക്കാമെന്നാണ്. ഗവൺമെണ്ടിനെ എപ്പോഴും സംശയത്തോടുകൂടി വീക്ഷിക്കേണ്ടയാവശ്യമില്ല. ജനങ്ങളുടെ അവകാശങ്ങളെ സാരമായി സ്പർശിക്കുന്ന എതു സംഗതികളിലും ഈ ഗവൺമെണ്ടു ശ്രദ്ധിക്കുന്നതാണ്. ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു് 'except with the sanction of Government' എന്ന മാത്രമാണ്. അതുകൊണ്ടു് ഗവൺമെണ്ടു അനുവാദം കൊടുക്കുകയില്ലെന്നു അർത്ഥമില്ല. ഈ കാരണങ്ങൾകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that clause 12 stand part of the Bill was put and carried.

The clause was added to the Bill.

The question that clause 13 stand part of the Bill was put and carried.

The clause was added to the Bill.

Sri. A. J. John: I may be permitted to move amendment No. 52 to delete clause 14.

Mr. Speker: It stands in the name of Hon'ble Sri. T. K. Narayana Pillai. As the member is not now here it cannot be moved now.

In regard to clause 1 also we were at the stage of discussion and that may be taken up tomorrow. Further discussions of the amendments will stand over for tomorrow.

The Travancore-Cochin Drugs Control Bill

Sri. A. J. John: I beg to present the report of the Select Committee on the Travancore-Cochin Drugs Control Bill and move that the Bill, as reported by the Select Committee, be taken into consideration.

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):** I second it.

The motion that the Bill be taken into consideration was put and carried.

Clauses 1 to 7

The question that clauses 1 to 7 stand part of the Bill was put and carried.

The clauses were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 8

Sri. Ponnara G. Sreedhar: Sir, I move :

"In Clause 8; line 2, the words 'without sufficient cause' be deleted and that the words 'and if he has in stock at that particular time that much quantity' be substituted; and further the whole seplanation be also deleted."

സർ, ഗവമ്മെണ്ടിന്റെ അനുവാദംകൂടാതെ ഒരു കച്ചവടക്കാരൻ അയാളുടെ കയ്യിൽ ഇരിക്കുന്ന സാധനങ്ങൾ ആക്കും വില്ക്കുവാൻ നിവൃത്തിയില്ലെന്നുപറയാൻ പാടില്ലെന്നാണ് ഈ ബില്ലിന്റെ ആദ്യഭാഗത്തു പറഞ്ഞിരിക്കുന്നത്. "ഗവമ്മെണ്ടു അനുവാദംകൂടാതെയും ചില പ്രത്യേക കാരണങ്ങൾ കൂടാതെയും" എന്നു ഇതിൽ പറഞ്ഞുകാണുന്നു. "പ്രത്യേക കാരണങ്ങൾ" എന്നുള്ളത് എടുത്തുകളയണമെന്നുള്ളതാണ് എന്റെ ഭേദഗതി. സാധുജനങ്ങളെ സഹായിക്കുന്നതിനാണെന്നുള്ള അടിസ്ഥാനത്തിലാണല്ലോ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അങ്ങിനെയാണെങ്കിൽ sufficient cause എന്നു പറഞ്ഞിരിക്കുന്നതു് എടുത്തുകളയേണ്ടതാണ്. എത്ര കർശനമായ നിയമങ്ങൾ ഉണ്ടാക്കിയാലും മരുന്നു കടക്കാരെ നന്നാക്കുവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. Sufficient cause എന്നു പറഞ്ഞാൽ, അലമാരിയുടെ താക്കോൽ കണ്ടില്ല, മുതലാളി കടയിൽ ഇല്ല, ഇതെല്ലാം ഒരു നീതിന്യായ വകുപ്പ് ഉദ്യോഗസ്ഥന്റെ ഒഴിയിൽ sufficient cause ആയിതീർന്നേക്കാൻ എളുപ്പമുണ്ട്. സർ, തിരുവനന്തപുരത്തുള്ള എല്ലാ മരുന്നുകടകളിലുംതന്നെ ഇപ്പോൾ പെൻസിലിൻ ഉണ്ട്. എന്റെ ഒരു സ്നേഹിതൻ കണ്ണ് ഓപ്പറേറ്റുചെയ്ത ആസ്പത്രിയിൽ കിടക്കുകയാണ്. അദ്ദേഹത്തിന്റെ ആവശ്യത്തിനു കുറെ പെൻസിലിൻ വാങ്ങുന്നതിനായി എല്ലാകടകളിലും ഞാൻ അന്വേഷിച്ചു. ഒരു കടയിലും പെൻസിലിൻ ഇപ്പോൾ ഇല്ലെന്നാണ് അവർ എന്നോടു പറഞ്ഞതു്. എന്നാൽ വേറൊരാളെ വിട്ട് അന്വേഷിച്ചപ്പോൾ വില അല്പം കൂടുതലായതുകൊണ്ടുമാത്രമാണു കൊടുക്കാതിരുന്നതെന്നും സ്റ്റോക്കുണ്ടെന്നും അറിയുവാൻ ഇടയായി. ഇത്തരക്കാരായ കച്ചവടക്കാർ ആവശ്യക്കാർക്ക് മരുന്നു ശരിക്കു നൽകുന്നതിനുവേണ്ടി എഴുതി ചേർത്തിരിക്കുന്ന സെക്ഷനിൽ ഞാൻ sufficient cause ഉണ്ടെങ്കിൽ അവർക്ക് മരുന്നു വില്ക്കാതിരിക്കാമെന്നു പറഞ്ഞിരിക്കുന്നതു്. അനാവശ്യമായ കാരണങ്ങൾ പറഞ്ഞു മരുന്നു കൊടുക്കാതിരിക്കുവാൻ ഇത്ര സൗകര്യമായ പഴുതു മറ്റൊന്നുമുണ്ടെന്നു തോന്നുന്നില്ല. മരുന്നു ലഭിക്കാത്തതിനാൽ കേസു് കൊടുക്കുവാനും മറ്റും ആക്കും സാദ്ധ്യമല്ല. ഇതുതെ നിയമപ്രകാരം അവർ കുറ്റമൊന്നും ചെയ്തിട്ടില്ലെന്നു് അവർക്കു് തെളിയിക്കാൻ സാധിക്കുകയും ചെയ്യും. മുതലാളിയില്ല, അല്ലെങ്കിൽ കടയുടെ താക്കോൽ പാക്കറിൽ ഇട്ടിട്ടു് താക്കോൽ കളഞ്ഞുപോയി അല്ലെങ്കിൽ എടുക്കുവാൻ മറന്നുപോയി എന്നും മറ്റും ഒരു കടക്കാരൻ പറകയാണെങ്കിൽ അതൊന്നും നിഷേധിക്കുവാൻ സാദ്ധ്യമല്ലാത്ത വസ്തുതകളാണു്. അതേസമയത്തു് അയാളുടെ കയ്യിലുള്ള മരുന്നു ആവശ്യക്കാരനു കൊടുക്കാതിരിക്കുന്നതിനും സാധിക്കും. ഇക്കാരണത്താലാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഇതു് സ്വീകരിക്കുന്നതിൽ വലിയ ദോഷമൊന്നുമില്ലെന്നുമാത്രവുമല്ല, ബില്ലിന്റെ ഉദ്ദേശം ശരിക്കു നിവ്വഹിക്കുന്നതിനു് ഇതു് സ്വീകരിക്കേണ്ടതുമാണു്. അതിനാൽ ഈ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. sufficient cause എന്നു പറഞ്ഞാൽ മതിയായ കാരണമെന്നാണു് അർത്ഥം. അല്ലാതെ പ്രത്യേക കാരണം എന്നല്ല. താക്കോലില്ലെന്നും മുതലാളിയില്ലെന്നും മറ്റും പറഞ്ഞാൽ സാധാരണക്കാർ വിശ്വസിക്കുകയില്ല. സെൻട്രൽ ഗവമ്മെണ്ടിന്റെ നിർദ്ദേശമനുസരിച്ചു് കഴിയുന്നിടത്തോളം ഏകരൂപ്യം വരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ വകുപ്പു് ഇങ്ങനെ ചേർത്തിരിക്കുന്നതു്. ബാക്കി സ്റ്റേറ്റുകളിലുമെല്ലാം ഇതുപോലെതന്നെയാണു് പാസാക്കിയിട്ടുള്ളതു്.

"No dealer or producer shall, unless previously authorised by the Government, without sufficient cause, refuse to sell to any person any drug, within the limits as to quantity, if any, imposed by this Act."

ഇതേ വാചകം തന്നെയാണു് ഇവിടേയും ചേർത്തിട്ടുള്ളതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതേനിയമംതന്നെ പാസാക്കണമെന്നാണു് നിർബ്ബന്ധമെങ്കിൽ ആ നിയമം ഇവിടേയും ബാധകമായിരിക്കുകയില്ലേ? അതല്ല വേണ്ടവിധത്തിൽ ആലോചിച്ചു പാസാക്കുകയാണു് വേണ്ടതെങ്കിൽ ഇതു മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : നിയമം പാസാക്കുമ്പോൾ അതിനു് ഒരു യുണിഫോമിറ്റി വേണമെന്നുണ്ടു്. 'Sufficient cause' എന്നു പറഞ്ഞാൽ ധാരാളം മതി. അതിനാൽ ഈ ഭേഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that Clause 8 stand part of the Bill was put and carried.

The Clause was added to the Bill.

Clause 9

Sri. Ponnara G. Sreedhar: Sir, I move :

"In clause 9, lines, 2, and 5 the word 'five rupees' be deleted and the words 'one rupee' be substituted in both the places".

മരുന്നു വിലയ്ക്കു വാങ്ങുന്ന എല്ലാപേർക്കും കടക്കാരൻ ഒരു രസീതുകൊടുക്കണം എന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ഒരു രൂപയ്ക്കു് മരുന്നു വാങ്ങുകയാണെങ്കിൽ രസീതുകൊടുത്താൽ മതിയെന്നാണു് ഇപ്പോൾവ്യവസ്ഥചെയ്തിരിക്കുന്നതു്. ആ 'ഒരു രൂപയ്ക്കു്' എന്നുള്ളതു് 'അഞ്ചു രൂപയ്ക്കു്' എന്നാക്കണമെന്നാണു് എന്റെ ഭേഗതി. അതിനൊരു കാരണവും ഉണ്ടു്. ഇപ്പോൾ സെയിൽസ്ടാക്സു് പിരിക്കുന്നതുകൊണ്ടു് ഒരു രൂപയുടെ വ്യാപാരം നടത്തിയാലും കച്ചവടക്കാരനു് ബില്ലെഴുതിടയ തീരും. അതുകൊണ്ടു് ഇതു് ഒരു രൂപ എന്നാക്കിയാൽ കൂടുതലായി ബില്ലെഴുതേണ്ട ആവശ്യവും നേരിടുകയില്ല. മരുന്നു വാങ്ങുന്നയാൾ ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും ഒരു രൂപയിൽ കൂടുതലുള്ള വ്യാപാരത്തിനെല്ലാം ബില്ലെഴുതിയേ മതിയാവു. ഒരു രൂപയിൽ കുറഞ്ഞ ചില്ലറ വ്യാപാരങ്ങൾക്കു് ബില്ലുകൊടുക്കണമെന്നില്ല. അതുകൊണ്ടു് എന്റെ ഭേഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. എ. ജെ. ജാൺ : ഈ ഭേഗതിയെ ഞാൻ എതിർക്കുന്നു. ഒരു രൂപയിൽ കുറച്ചു മരുന്നുവാങ്ങിയാലും രസീതു ആവശ്യപ്പെടുകയാണെങ്കിൽ കൊടുക്കണമെന്നു് വ്യവസ്ഥചെയ്തിട്ടുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ആവശ്യപ്പെട്ടില്ലെങ്കിലും കൊടുക്കണമെന്നാണു് എന്റെ ഭേഗതികൊണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. എ. ജെ. ജോൺ: ബില്ലാവശ്യപ്പെടുന്നതിനു് അത്രവലിയ വിഷമമുണ്ടെന്നു തോന്നുന്നില്ല.

The amendment was put and lost.

The question that Clause 9 stand part of the Bill was put and carried.

The Clause was added to the Bill.

The question that Clauses 10 to 13 stand part of the Bill was put and carried.

The Clauses were added to the Bill.

Clause 14

Sri. Ponnara G. Sreedhar : I move the following amendment :—

In Clause 14, the words 'unless he proves that the offence was committed without his knowledge or that he has exercised all due diligence to prevent its commision' found in the later portion of the Clause, be deleted.

ഈ വകുപ്പിൽ പറയുന്നതു് ഒരു അസോസിയേഷനൊ കമ്പനിയോ മറ്റുവല്ല സ്ഥാപനമൊ കുറ്റം ചെയ്യുമ്പോൾ അതിലെ സകല ഉദ്യോഗസ്ഥന്മാരേയും കുറ്റക്കാരായി ഗണിക്കുമെന്നാണു്. എന്നാൽ അതിനു ഒരു ഒഴിവാക്കൽ കൊടുത്തിട്ടുണ്ടു്. അതായതു്, "unless he proves that the offence was committed without his knowledge or that he has exercised all due deligence to prevent its commission be deemed to be guilty of.....etc." ഈ ഒഴിവാക്കൽ കൊണ്ടു്, കുറ്റം ചെയ്ത ഒരാളെ കോടതിയിൽ കൊണ്ടുവരുമ്പോൾ താൻ ഇതൊന്നും അറിഞ്ഞിട്ടില്ല, തന്റെ അറിവും സമ്മതവും കൂടാതെ വേറെ ആരൊ ആണു് അതൊക്കെ ചെയ്തിട്ടുള്ളതു് എന്നു പറഞ്ഞു് ആ മനുഷ്യനു് രക്ഷപ്പെടാൻ ഒരു മാർഗ്ഗമുണ്ടാക്കിയിരിക്കുകയാണു് ചെയ്യുന്നതു്. ഇതില്ലെങ്കിൽതന്നെയും കോടതിയിൽ ചെന്നാൽ കുറ്റക്കാരല്ലെന്നു തെളിയുന്നവരെ ശിക്ഷിക്കുകയില്ല. ഒരു കമ്പനിയുടെ ഒരു ഷെയർ ഹോൾഡർ മാത്രം ആയതുകൊണ്ടോ, അല്ലെങ്കിൽ കമ്പനിയിൽ എതെങ്കിലും, ഉദ്യോഗമുള്ളതുകൊണ്ടോ മാത്രം ഒരാൾ കുറ്റം ചെയ്തിട്ടില്ലെങ്കിലും, അയാളെ ശിക്ഷിക്കുമെന്നു് എനിക്കു തോന്നുന്നില്ല. നേരേമറിച്ചു് ഈ നിയമം ഈവിധം ഇരിക്കുകയാണെങ്കിൽ കുറ്റം

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

ചെയ്യുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വമുള്ള കാഷ്യക്കോ മാനേജക്കോ അതുപോലുള്ള മറേതെങ്കിലും ഉദ്യോഗസ്ഥനോ ശിക്ഷയിൽനിന്നും രക്ഷപ്പെടാൻ ധാരാളം സൌകര്യവുമുണ്ട്. മറുന്ന കരിഞ്ചന്തയിൽ വിറ്റ കേസാണെന്ന വയ്ക്കുക. കരിഞ്ചന്തയിൽ വിറ്റതായാലും പണം കൈയ്യിൽ വരുന്നതുകൊണ്ട് അതു കാഷ്യരൊ മാനേജരൊ അറിയാതിരിക്കയില്ല. അങ്ങനെ മാനേജരൊ കാഷ്യരൊ അറിഞ്ഞുകൊണ്ടതന്നെ ചെയ്യുന്ന കുറ്റങ്ങൾക്ക് ഈ വകുപ്പനുസരിച്ച് ഒരു സംരക്ഷണ വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുകയാണ് ചെയ്യുന്നതു്. കോടതിയിൽ വരുമ്പോൾ അവർ അറിയാതെയാണ് മറുന്ന കൂടുതൽവിലയ്ക്കു വിറ്റിട്ടുള്ളതു്, അങ്ങനെ കൂടുതൽ വിലയ്ക്കു വില്ക്കണമെന്നു് അവർ എടുപ്പാടുചെയ്തിരുന്നില്ല, മറുന്നു് എടുത്തു കൊടുത്തയാളാണ് അതു ചെയ്തതു് എന്നൊക്കെ പറഞ്ഞു് ഒഴിഞ്ഞുമാറാൻ സാധിക്കും. അതു വരരുതെന്ന കരുതിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. അതു് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ഭേദഗതിയെ ഞാൻ എതിർക്കുന്നു. ശ്രീ. ശ്രീധരന്റെ വാദത്തിൽ നിന്നും മനസ്സിലാകുന്നതു് സെക്രട്ടറിയൊ മാനേജരൊ ആരായിരുന്നാലും നിർദ്ദോഷിയാണെങ്കിലും ശിക്ഷിക്കണമെന്നാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെ പറഞ്ഞില്ല. മജിസ്ട്രേട്ടിന്റെ വിചാരണയിൽ കുറ്റക്കാരനാണെന്നുകണ്ടാൽ ശിക്ഷിക്കണം, വെറുതെ വിടരുതു് എന്നാണു് ഞാൻ ആവശ്യപ്പെട്ടതു്.

ശ്രീ. എ. ജെ. ജാൺ: അവർ കുറ്റക്കാരെല്ലെങ്കിൽ അതു തെളിയിക്കുന്നതിനു് ഒരവസരം കൊടുക്കണമെന്നുമാത്രമെ ഈ വകുപ്പുകൊണ്ടുദ്ദേശിച്ചിട്ടുള്ളു. മാനേജരൊ സെക്രട്ടറിയൊ, മറ്റാരെങ്കിലുമാ നിർദ്ദോഷിയായിട്ടുള്ള കേസുകൾ ഉണ്ടാകാവുന്നതാണു്. അങ്ങനെയുള്ള കേസുകളിൽ അവരുടെ നിർദ്ദോഷിത്വം തെളിയിക്കുന്നതിനു ഒരവസരം കൊടുക്കേണ്ടതു് ആവശ്യമാണു്. അതുമാത്രമെ ഈ വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളു. അതുകൊണ്ടു് ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.
The question that Clause 14 stand part of the Bill was put and carried.
The clause was added to the Bill
The question that Clauses 15 to 17 stand part of the Bill was put and carried.
The clauses were added to the Bill.

Clause 18

Sri. Ponnara G. Sreedhar: I move the following amendment:

"Delete the whole of Clause 18"

കേസ്സുകൾ കണ്ടുപിടിക്കുന്നതും നടപടികൾ നടത്തുന്നതുമായ ഉദ്യോഗസ്ഥന്മാരെ മനഃപൂർവ്വം രക്ഷിക്കുന്നതിനുവേണ്ടി വച്ചിട്ടുള്ള ഒരു വകുപ്പാണിതു്. ഇതിൽ പറഞ്ഞിരിക്കുന്നതു

"No suit, prosecution or other legal proceedings shall lie against any person for anything in good faith done or intended to be done under this Act."

എന്നാണു്. ഇതനുസരിച്ചു സദുദ്ദേശത്തോടുകൂടിയൊ, അല്ലെങ്കിൽ മനഃപൂർവ്വമായ യാതൊരു ദുരുദ്ദേശവും കൂടാതെയൊ ഒരു ഉദ്യോഗസ്ഥൻചെയ്യുന്ന ഏതൊരു തെറ്റിനെ സംബന്ധിച്ചും ഒരു കേസ്സും ഒരു കോടതിയിലും നൽകാൻപാടില്ല എന്നാണ വച്ചിട്ടുള്ളതു്. ഈ നിയമമനുസരിച്ചു ഉദ്യോസ്ഥന്മാർക്കുകൊടുത്തിരിക്കുന്ന അധികാരങ്ങൾ വളരെ വിപുലങ്ങളാണു്. ഏതു കടയിലും ഏതുസമയത്തും എവിടെയും കയറി പരിശോധിക്കാം എന്നാണു് പറഞ്ഞിട്ടുള്ളതു്. ഈ അടിസ്ഥാനത്തിൽ കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാർക്കാണെങ്കിൽ കടക്കാരെ ഉപദ്രവിക്കുന്നതിനും നഷ്ടപ്പെടുത്തുന്നതിനും ധാരാളം സൌകര്യങ്ങളുണ്ടു്. കൈക്കൂലികൊടുക്കാത്തതുകൊണ്ടു ഏതെങ്കിലും കടക്കാരനെ പറ്റിക്കണമെന്നുണ്ടെങ്കിൽ രണ്ടു കള്ളി ഫാർജിയെഴുതി കയ്യിൽവച്ചുകൊണ്ടു കടയിൽകയറി ഒരു രണ്ടുമൂന്നുമണിക്കൂർ പരിശോധന നടത്തിയാൽമതി, ആ കച്ചവടക്കാരനു് അതുവരെയുണ്ടായിരുന്ന വ്യാപാരസംബന്ധമായ പ്രശസ്തി മുഴുവൻ നശിക്കാൻ. അതുപോലെതന്നെ പരിശോധിക്കാനെന്ന വ്യാജേന മറുന്നകപ്പികളും മറ്റും രണ്ടുമൂന്നുതവണ പൊക്കി, അങ്ങോട്ടുമിങ്ങോട്ടും മാറ്റിയിട്ടു, പൊട്ടി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുംമറ്റും നഷ്ടംവരുത്താൻസാധിക്കും. അതുകൊണ്ട് ആമാതിരി അഴിമതികൾ കാണിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് സൗകര്യമുണ്ടാക്കികൊടുക്കുന്ന ഈ വകുപ്പ് എടുത്തുകളയണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിന്മേൽ ഒരു ക്രിമിനൽ പ്രാസിക്യൂഷൻ പാടില്ലെന്ന പറഞ്ഞാൽ അതു മനസ്സിലാക്കാൻ സാധിക്കും. യഥാർത്ഥത്തിൽ നഷ്ടം ഉണ്ടായാൽപോലും കച്ചവടക്കാരനു ഒരു സിവിൽപ്രാസിക്യൂഷൻ മൂലമെങ്കിലും പരിഹാരംനേടാൻ സാധ്യമല്ലാത്തവിധം ഈ വ്യവസ്ഥ ഇതിൽ നിലനിർത്തുന്നതു ശരിയല്ല. അതുകൊണ്ട് ഈ വകുപ്പ് എടുത്തുകളയണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

Sri. D. Gnanasigamoni: Sir, I wish to submit a word on this amendment. I support the amendment. About fifteen minutes ago we pointed out that a similar provision was found in the Corruption Act and we moved for its deletion. The reply came that there are words in that clause to the effect "except with the sanction of Government". So with the sanction of Government prosecution can be initiated. In the present clause those words too are omitted. Even if a man has the right to prosecute, he cannot even apply for sanction before proceeding with the prosecution. Here is an absolute bar to prosecution, and no prosecution under any circumstances can lie. No democratic country can have such a clause, and it is doubtful also whether such a provision can avail as a defence in any prosecution launched. It is the undoubted right of every citizen to move the law for appropriate remedies. This appears to be a reasonable amendment, which the Government can accept.

ശ്രീ. എ. ജെ. ജോൺ: സർ, ഈ ഭേദഗതിയെയും ഞാൻ എതിർക്കുന്നു. ബില്ലിലെ വ്യവസ്ഥകളനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിക്കുന്ന യാതൊരു ഉദ്യോഗസ്ഥന്റെമേലും കേസെടുക്കരുതെന്നോ ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളൂ. ബില്ലിലെ വ്യവസ്ഥകൾക്കു വിപരീതമായി ഏതെങ്കിലും ഉദ്യോഗസ്ഥൻ പ്രവർത്തിക്കുകയാണെങ്കിൽ, അതിനു ഈ വ്യവസ്ഥ ബാധകമല്ല. പരിശോധനയ്ക്കു വെല്ലുന്ന ഉദ്യോഗസ്ഥൻ കുപ്പി തല്ലിപ്പൊട്ടിക്കുകയും മറ്റും ചെയ്യുന്നെങ്കിൽ അതു ഈ ബില്ലിലെ വ്യവസ്ഥകൾക്കു അനുസ്യൂതമല്ലെന്നു എല്ലാവർക്കും മറിയാം. അതുകൊണ്ട് ഈ വ്യവസ്ഥ നീക്കിയില്ലെങ്കിൽ ഉദ്യോഗസ്ഥന്മാർ കച്ചവടക്കാരെ ഉപദ്രവിക്കുമെന്നു വിചാരിക്കാൻ ന്യായമില്ല. എന്നുതന്നെയുമല്ല, ഇൻഡ്യൻ ആക്ടിലും മറ്റു സംസ്ഥാനങ്ങളിൽ നിലവിലിരിക്കുന്ന ആക്ടുകളിലും ഇതേ വ്യവസ്ഥതന്നെയാണുള്ളതു. അതുകൊണ്ട് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that clause 18 stand part of the Bill was put and carried.

The clause was added to the Bill.

The question that clause 19 stand part of the Bill was put and carried.

The clause was added to the Bill.

The question that the Preamble stand part of the Bill was put and carried.

The Preamble was added to the Bill.

The question that the Title stand part of the Bill was put and carried.

The Title was added to the Bill.

Sri. A. J. John: Sir, I move that the Bill be passed.

Sri. N. Kunjuraman: I second it.

The motion that the Bill be passed was put and carried.

The Bill was passed.

The Travancore University Act (Amendment) Bill.

ശ്രീ. പൊന്നറ ജി. ശ്രീധർ: രണ്ടു മൂന്നു ദിവസത്തെ അജണ്ടയിൽ യൂണിവേഴ്സിറ്റി ബിൽ എന്നൊന്നുണ്ടായിരുന്നു. അതു ഇന്നത്തേതിൽ കാണുന്നില്ല.

Have they dropped the idea or will they be promulgating an Ordinance?

LIBRARY ARCHIVES Kerala Legislative Assembly